**Lalith Babu**

# ENDORSEMENT

***ഒരു ഓഫീസിൽ വിവരാവകാശ അപേക്ഷ ലഭിച്ചു. അതിൽ ആവശ്യപ്പെട്ടിരുന്ന വിവരം സബ് ഓഫീസുമായി ബന്ധപ്പെട്ടതാണ് . അങ്ങനെയെങ്കിൽ ആ അപേക്ഷ സബ് ഓഫീസിലേക്ക് endorse ചെയ്തു അയക്കാമോ ?***

വിവരാവകാശ നിയമത്തിന്റെ പ്രത്യേകത അത്തിലെ നടപടിക്രമങ്ങൾ routine administrative manner നിന്ന് മാറുന്നു എന്നുള്ളതാണ്. വിവരങ്ങൾ നൽകുന്ന കാര്യത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നിലവിലുള്ള ഓഫീസ് നടപടിക്രമങ്ങൾ പാലിക്കണമെന്നില്ല എന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. Endorse എന്ന രീതിയിൽ മേൽ ഓഫീസിൽ നിന്നും സബ് ഓഫീസിലേക്ക് അയക്കുന്ന വ്യവസ്ഥ വിവരാവകാശ നിയമപ്രകാരമുള്ള നടപടികളിൽ അപ്രസക്തമാണ്

<u>**ENDORSEMENT**</u>**:** Endorsement used when a paper is returned in original or to pass on the paper to a lower office for disposal when they are competent to dispose it.

വിവരാവകാശ നിയമത്തിൽ മേൽ ഓഫീസോ സബ് ഓഫീസോ ഇല്ല. എല്ലാവരും പബ്ലിക് അതോറിറ്റികളാണ്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ തീർപ്പാക്കുന്ന കാര്യത്തിൽ എല്ലാ ഓഫീസുകളും സ്വതന്ത്ര ചുമതലയുള്ള ഓഫീസുകളാണ്. ഒരു സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വകുപ്പ് 6(3) പ്രകാരം അപേക്ഷ കൈമാറുന്നത് മറ്റൊരു സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ്. ഒരു മേലധികാരി സബ് ഓഫീസർക്ക് എന്ന നിലയ്ക്കല്ല. ആയതിനാൽ വിവരാവകാശ അപേക്ഷ endorse ചെയ്യാതെ ഒരു ആമുഖ കത്ത് സഹിതം വകുപ്പ് 6(3) പ്രകാരം കൈമാറണം

CP No.444(1)/2010/SIC എന്ന കേസിൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി :

" Communications under the RTI Act cannot be done in a routine administrative manner. Applications u/s 6(1) are to be disposed off by the person designated as the SPIO and first appeals by the first Appellate Authority"